# # Palakkad Police Action #

## ടൗണിലെ ഗുണ്ടാവിളയാട്ടം മുഖ്യ പ്രതികളെ പോലീസ് പിടികൂടി

പാലക്കാട് ടൗണിൽ 14 തീയ്യതി അർധരാത്രി ബാറിൽ വച്ച് പാലക്കാട് കൊപ്പം സ്വദേശികളായ ധനൽ (24), സുഭാഷ് (22 ) എന്നിവരെ കത്തി കൊണ്ട് വയറ്റിലും പുറത്തും കുത്തിപരിക്കേൽപ്പിച്ച കേസിലെ പ്രധാന പ്രതികളായ തൃശ്ശൂർ വലപ്പാട് സ്വദേശിയായ രമേശ് (35), പാലക്കാട് പൂളക്കാട് സ്വദേശികളായ ഷെരീഫ് എന്ന കോലൻ ഷെരീഫ് (30), ഷാജഹാൻ (27), പാലക്കാട് വെണ്ണക്കര സ്വദേശികളായ സുരേഷ് (40), അരുൺ രാജ്(28) എന്നിവരെ സംഭവം നടന്നു മണിക്കൂറുകൾക്കകം പാലക്കാട് ടൗൺ സൗത്ത് ഇൻസ്പെക്ടർ R. മനോജ് കുമാറിന്റെ നേതൃത്വത്തിൽ SI അൻഷാദ്, സി പി ഓ മാരായ സാജിദ്, ഷാനോസ്, സത്താർ, സജീഷ്, സതീഷ്, താരിഖ്, പത്മനാഭൻ, തുളസിദാസ് എന്നിവർ ചേർന്നാണ് പ്രതികളെ പിടികൂടിയത്

പാലക്കാട് ബാറിൽ വച്ച് വാക്ക് തർക്കം മൂലം പ്രതികൾ കത്തികൊണ്ട് കുത്തി പരിക്കേൽപ്പിക്കുന്നത് ബാറിലെ CCTV ദൃശ്യങ്ങളിൽ നിന്ന് ലഭിച്ചതിൽ നിന്നാണ് പ്രതികളെ തിരിച്ചറിഞ്ഞത്. തൃശൂർ സ്വദേശിയായ പ്രതിക്ക് വലപ്പാട് പോലീസ് സ്റ്റേഷൻ പരിധിയിൽ കഞ്ചാവ്, കൊലപാതക ശ്രമം ഉൾപ്പെടെ നിരവധി കേസുകൾ ഉള്ളതായും, പൂളക്കാട് സ്വദേശികൾക്കു പാലക്കാട് ടൗൺ സൗത്ത്, ടൗൺ നോർത്ത് എന്നി സ്റ്റേഷനുകളിലും നിരവധി കേസുകൾ ഉണ്ട്.

